SET:1

# INDIAN SCHOOL SOHAR
## PERIODIC TEST- I (2017-18)
## MALAYALAM

No. of printed pages:1

**DATE:** **MARKS: 20**
**STD:IX** **TIME: 40 Minutes**

**1.താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക(2)**

ഭാരതീയപൈതൃകത്തിന്റെ അന്തഃസത്ത പുനരാവിഷ്ക്കരിക്കുന്നതിലാണ് ഉള്ളൂർ കൂടുതൽ ശ്രദ്ധിച്ചത്.ഉള്ളൂർ കവിതകളുടെ അന്തർഭാഗവും മറ്റൊന്നുമല്ല. കവിയുടെ ഖണ്ഡകൃതികൾ ഈ പാരമ്പര്യത്തോടുള്ള ആത്മബന്ധവും ബഹുമാനവും ഉദാഹരിക്കുന്നു. പുരാണേതിഹാസ കഥാപാത്രങ്ങൾക്കു ചൈതന്യവും ശക്തിയും നല്കി അവതരിപ്പിക്കാനുള്ള കഴിവ് അനന്യസാധാരണമായി അദ്ദേഹത്തിൽ കാണുന്നു. കർണ്ണഭൂഷണം ഈ സവിശേഷതകൾ ഉൽക്കൊള്ളുന്ന ഉള്ളൂർ കൃതികൾക്ക് ഉദാഹരണമാണ് ആർഷധർമ്മത്തിന്റെയും ആത്മത്യാഗത്തിന്റെയും ഉത്കൃഷ്ടപ്രതീകമാണ് ഇതിലെ കർണ്ണൻ. കാലാനുപ്രസക്തിയുള്ള കഥാപാത്രമാണ്.

a) ഉള്ളൂർ ഏത് വിഷയത്തിലാണ് കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്?
b) അനന്യസാധാരണമായി ഉള്ളൂരിൽ കാണുന്ന കഴിവെന്ത്?
c) ഉള്ളൂരിന്റെ ഏതെങ്കിലും ഒരു കൃതിയുടെ പേരെഴുതുക.
d) കർണ്ണഭൂഷണത്തിലെ കർണ്ണൻ ഏതിന്റെയൊക്കെ പ്രതീകമാണ്?

**2.പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** (1)

a) അമിതാധികാരം
b) വിധവയായ

**2.സമാസം നിർണ്ണയിക്കുക** (1)

a) ദയനീയാവസ്ഥ
b) നിർവികാരം

**3.ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക.** (2)

a) ഉലകം എന്ന പദത്തിന്റെ അർത്ഥം ? (സൂര്യൻ, ലോകം, കടൽ )
b) ലജ്ജ എന്ന പദത്തിന്റെ പര്യായപദങ്ങളേത്? (ഗാത്രം, ത്രപ, ശരീരം, വ്രീള)

**4.വാക്യത്തിലെ തെറ്റ് തിരുത്തുക.** (1)

വിഭജനസമയത്ത് എനിക്കെന്റെ അച്ഛനും സഹോദരനേയും നഷ്ടപ്പെട്ടു.

**5.പ്രയോഗം മാറ്റുക.** (1)

നിങ്ങൾ സുന്ദരമായ ഒരു ജീവിതം തന്നെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്.

**6.ഉത്തരമെഴുതുക.**

a) സത്യസന്ധതയുടെയും മനുഷ്യസ്നേഹത്തിന്റെയും മാതൃകകളാണ് നിത്യചൈതന്യയതി തന്റെ അനുഭവത്തിലൂടെ വരച്ചുകാട്ടുന്നത്.... വിവരിക്കുക. (4)
b) ആദ്യത്തെ പൂവ് വിരിഞ്ഞപ്പോൾ കുട്ടനും പ്രകൃതിക്കും ഉണ്ടായ ഭാവഭേദങ്ങൾ എന്തെല്ലാമായിരുന്നു?വിവരിക്കുക. (4)
c) ചിക്കാഗോവിലേക്കുള്ള ടിക്കറ്റ് നരേന്ദ്രൻ കരസ്ഥമാക്കിയതെങ്ങനെ? (4)